**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2770** **03-08-2021 - ൽ മറുപടിയ്ക്ക്**

**വന്യജീവികൾ ഉണ്ടാക്കുന്ന കൃഷിനാശം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഒ എസ് അംബിക | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | വന്യജീവികൾ ഉണ്ടാക്കുന്ന കൃഷിനാശവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; വിശദമാക്കുമോ; | (എ) | വന്യജീവികൾ ഉണ്ടാക്കുന്ന നാശനഷ്ടത്തിന് സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതി പ്രകാരം ഇൻഷ്വർ ചെയ്ത കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നുണ്ട്. വന്യജീവി ആക്രമണത്തെ തടയുന്നതിനായി കൃഷിത്തോട്ടങ്ങളിലും, നഴ്സറികളിലും സൗരോർജ്ജവേലി, കിടങ്ങുകൾ, Chain link Fenceഎന്നിവ നിർമ്മിക്കുന്നുണ്ട്. കൂടാതെ കൃഷി വകുപ്പിന്റെ ആത്മ, Crop Health Management എന്നീ പദ്ധതികൾ പ്രകാരം ബോറപ്പ്, ഇക്കോടോൺ തുടങ്ങിയ രാസവസ്തുക്കളുടെ പ്രയോഗം സംബന്ധിച്ചും കർഷകർക്ക് പരിജ്ഞാനം നൽകുകയും വിതരണം നടത്തുകയും ചെയ്തിട്ടുണ്ട്. 2020-21 വർഷത്തിൽ വിള ആരോഗ്യ പരിപാലന പദ്ധതി പ്രകാരം വന്യജീവി ആക്രമണത്തിനെതിരെ നിയന്ത്രണ മാർഗ്ഗങ്ങൾ പ്രോജക്ട് അടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് ബ്ലോക്കിലെ കാട്ടുപന്നി ആക്രമണം രൂക്ഷമായ സ്ഥലങ്ങളിൽ അവയെ നിയന്ത്രിക്കുന്നതിനായി നൈലോൺനെറ്റ് വേലി, ബോറപ്പ്, സോളാർവേലി, ബയോ അക്വാസ്റ്റിക്സ്, ചെയ്ൻ ലിങ്ക് ഫെൻസിംഗ് എന്നീ മാർഗ്ഗങ്ങൾ ഉപയോഗിച്ച് നിയന്ത്രണ മാർഗ്ഗം ഏർപ്പെടുത്തുന്ന പദ്ധതിയ്ക്ക് പത്തുലക്ഷം രൂപ ചെലവഴിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ആത്മ പദ്ധതിയിൽ ഉൾപ്പെടുത്തി എക്കോഡോണിന്റെ ഉപയോഗത്തിനെ പ്രോത്സാഹിപ്പിക്കുവാനായി പ്രദർശന തോട്ടങ്ങളും ഒരുക്കിയിട്ടുണ്ട്. ഇതു കൂടാതെ വനം വകുപ്പും വന്യജീവികൾ ഉണ്ടാക്കുന്ന കൃഷിനാശവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | ജനവാസ മേഖലകളിൽ കൃഷിനാശം ഉണ്ടാക്കുന്നത് തടയാനായി മറ്റു വകുപ്പുകളുമായി ചേർന്ന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (ബി) | ജനവാസമേഖലകളിൽ വന്യജീവി ആക്രമണം മൂലം കൃഷിനാശം ഉണ്ടാകുന്നത് തടയാൻ മറ്റു വകുപ്പുകളുമായി ചേർന്ന് നടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ല. എന്നാൽ കൃഷിയിടങ്ങളിൽ നിരന്തരം |

| | | | |
|---|---|---|---|
| | | | കൃഷിനാശം വരുത്തുന്ന കാട്ടുപന്നികളെ ഉപാധികളോടെ കൊല്ലുവാൻ 16.02.2019ലെ സ.ഉ.(കൈ)നം.7/2019/വനം പ്രകാരം വനം വകുപ്പ് അനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ